"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. **ഡിഎ1/230/2024-തസ്വഭവ**
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 10-10-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങൾ വയോജന പീഢന വിരുദ്ധ ബോധവൽക്കരണ ദിനം ആചരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സംസ്ഥാന വയോജന കൗൺസിൽ കൺവീനറുടെ 21.05.2024ലെ 5/VC/2024 നമ്പർ കത്ത്.

**********************

മക്കളാലും ബന്ധുക്കളാലും പ്രായമായ മാതാപിതാക്കളും വയോജനങ്ങളും പീഡനത്തിന് വിധേയരാകുന്ന സംഭവങ്ങൾ സംസ്ഥാനത്ത് ഏറിവരുന്ന സാഹചര്യത്തിൽ അന്താരാഷ്ട്ര വയോജന പീഢനവിരുദ്ധ ബോധവൽക്കരണ ദിനത്തിൽ (ജൂൺ 15) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന വയോജന കൗൺസിൽ കൺവീനർ സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്നു.

മുതിർന്ന പൗരൻമാർക്ക് പ്രത്യേക അവകാശങ്ങൾ നിയമപരമായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഐക്യരാഷ്ട്രസഭയുടെയും ലോകാരോഗ്യ സംഘടനയുടേയും ആഹ്വാന പ്രകാരം മുതിർന്ന പൗരൻമാരോടുള്ള അതിക്രമങ്ങൾക്കെതിരെയുള്ള ബോധവത്ക്കരണ ദിന സന്ദേശം ജനങ്ങളിൽ എത്തിക്കാനായി, ജൂൺ 15 World Elder Abuse Awareness Day ആയി ആചരിച്ചുവരുന്നുണ്ട്. സംസ്ഥാന സാമൂഹ്യനീതി വകുപ്പ് എല്ലാ വർഷവും ജൂൺ 15 ന് മുതിർന്ന പൗരൻമാരോടുള്ള അതിക്രമങ്ങൾക്കെതിരെയുള്ള ബോധവത്ക്കരണ ദിനത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുമുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ പട്ടിക 3 ബി അനുസരിച്ചുള്ള പൊതുചുമതലകളുടെ ക്രമ നമ്പർ 4 പ്രകാരം മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവത്ക്കരണം നടത്തേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. മേൽ സാഹചര്യത്തിൽ, സാമൂഹ്യതിന്മ എന്ന നിലയിൽ, അന്താരാഷ്ട്ര വയോജന പീഢനവിരുദ്ധ ബോധവൽക്കരണ ദിനമായ ജൂൺ 15 ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നു. എന്നാൽ ഇതിനായി പ്രത്യേകം ഫണ്ട് അനുവദിക്കുന്നതല്ല. ആ ദിവസം അർത്ഥവത്തായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് താൽപ്പര്യമുള്ള പക്ഷം, പ്രസ്തുത മേഖലയിൽ മാനദണ്ഡം പാലിച്ച് പ്രോജക്ട് രൂപീകരിച്ച് വാർഷിക പദ്ധതിയുടെ

ഭാഗമാക്കി നടപ്പാക്കാവുന്നതാണ്.

അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. കൺവീനർ, സംസ്ഥാന വയോജന കൗൺസിൽ
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 10-10-2025 15:27:42

സെക്ഷൻ ഓഫീസർ